ഉത്തരം

(എ) 12.611 ന്യായവില ഷാപ്പുകളും 158 മാവേലി സ്റ്റോറുകളും (3 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുൾപ്പടെ) 100 കേരള സ്റ്റോറുകളും പവർത്തിക്കുന്നുണ്ട്.

(ബി) ഇറക്കുമതിചെയ്ത ലെവി പഞ്ചസാര ന്യായവില ഷാപ്പുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള കമ്മീഷൻ കിലോഗ്രാമിന് 4 രൂപ 50 പൈസ എന്നത് 1-3-1986 മുതൽ 10 രൂപയായി ഉയർത്തിയിട്ടുണ്ട്. മറ്റു സാധനങ്ങളെ സംബന്ധിച്ചിടത്തോളം 16-1-1984-ൽ ആണ് റേഷൻ വ്യാപാരികളുടെ ലാഭ വിഹിതം പുതുക്കി നിശ്ചയിച്ചത്. ലാഭവിഹിതം ഇനിയും വർദ്ധിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്ത വെളിച്ചെണ്ണ

132. [185] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, പി. വി. മുഹമ്മദ് :
,, സി. ടി. അഹമ്മദലി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1986 ഫെബ്രുവരി മാസം വരെ മാവേലിസ്റ്റോർ, റേഷൻ കടകൾ എന്നിവവഴി എത്ര ടൺ വെളിച്ചെണ്ണ വിതരണം ചെയ്തു ;

(ബി) ടണ്ണിന് എന്തു വിലവെച്ചാണ് നാളികേര വികസന കോർപ്പറേഷനിൽ നിന്നും വെളിച്ചെണ്ണ വാങ്ങുന്നത് ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ എത്രടൺ എണ്ണ സ്റ്റോക്കുണ്ട് ;

(ഡി) എന്തു വിലയ്ക്കാണ് വെളിച്ചെണ്ണ മാവേലി സ്റ്റോർവഴി വിൽക്കുന്നത് ;

(ഇ) വെളിച്ചെണ്ണ സബ്സിഡി അനുവദിച്ച ഇനത്തിൽ 1986 ഫെബ്രുവരിമാസം വരെ ഗവൺമെന്റിന് എത്ര രൂപ ചെലവായി ?

ഉത്തരം

(എ) ഏകദേശം 3640 ടൺ.

(ബി) നാളികേര വികസന കോർപ്പറേഷനിൽ നിന്നും വെളിച്ചെണ്ണ വാങ്ങുന്ന വില അന്തിമമായി നിശ്ചയിച്ചിട്ടില്ല. ഇപ്പോൾ ടണ്ണിന് 12,500 രൂപ നിരക്കിലാണ് നൽകുന്നത്.

(സി) 1,028 മെട്രിക് ടൺ.

(ഡി) കിലോ ഗ്രാമിന് 15 രൂപാ നിരക്കിൽ.

(ഇ) സബ്സിഡി എത്രയെന്ന് ഇതുവരെ നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ചെലവ് എത്രയെന്ന് ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ സ്പെഷ്യൽ റിക്രൂട്ടുമെന്റ്

133. [186] ശ്രീ. കെ.കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ആകെ എത്ര ഹെൽപ്പർമാർ ജോലി ചെയ്യുന്നുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly